**പതിമൂന്നാം കേരള നിയമസഭ**

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2011–2014)

**നാലാമത് റിപ്പോർട്ട്**

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2006–2008)യുടെ എട്ടാമത് റിപ്പോർട്ടിലെ
(സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന കൊച്ചി, പരിയാരം
മെഡിക്കൽ കോളേജുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച്)
ശുപാർശകളിൻമേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ
സ്വീകരിച്ച നടപടികളെ സംബന്ധിച്ച് ]

(2012 ഡിസംബർ 19-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
## (2011–2014)

**നാലാമത് റിപ്പോർട്ട്**

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2006–2008)യുടെ എട്ടാമത് റിപ്പോർട്ടിലെ
(സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന കൊച്ചി, പരിയാരം
മെഡിക്കൽ കോളേജുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച്)
ശുപാർശകളിൻമേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ
സ്വീകരിച്ച നടപടികളെ സംബന്ധിച്ച് ]

2368/2012.

## ഉള്ളടക്കം

| | | | |
|---|---|---|---|
| | | | *പേജ്* |
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| അദ്ധ്യായം I : | റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : | ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 1 |

## എസ്റ്റിമേറ്റ്സ് കമ്മിറ്റി (2011–2014)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വി. ഡി. സതീശൻ

അംഗങ്ങൾ :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

,, എം. എ. ബേബി

,, എ. കെ. ബാലൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, ഇ. പി. ജയരാജൻ

,, സി. മോയിൻകുട്ടി

,, കെ. മുരളീധരൻ

,, കെ. രാജു

,, എ. കെ. ശശീന്ദ്രൻ

,, സി. എഫ്. തോമസ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, കെ. സി. ജോസഫ് കുട്ടി, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, അണ്ടർ സെക്രട്ടറി.

## മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ നിയോഗാനുസരണം നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2012 ഡിസംബർ മാസം 13-ാം തീയതി കൂടിയ സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. ഡി. സതീശൻ,

*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012 ഡിസംബർ 19.

## അദ്ധ്യായം I

# റിപ്പോർട്ട്

പന്ത്രണ്ടാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2006-2008) യുടെ എട്ടാമത് റിപ്പോർട്ട് (സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന കൊച്ചി, പരിയാരം മെഡിക്കൽ കോളേജുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച്) 18-3-2008-ൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 12 ശുപാർശകൾ/നിർദ്ദേശ ങ്ങളാണ് ഉണ്ടായിരുന്നത്.

റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതികൾ അവയിലെ ശുപാർശ/നിർദ്ദേശങ്ങളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി 24-11-2008-ൽ സർക്കാരിലേക്ക് അയച്ചു കൊടുത്തു. ആകെയുള്ള 12 ശുപാർശകളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടി കൾ ഉൾക്കൊള്ളുന്ന സമാഹൃതക്കുറിപ്പുകൾ 18-8-2010, 4-12-2012 എന്നീ തീയതി കളിൽ കൂടിയ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2006-08) യുടെ എട്ടാമത് റിപ്പോർട്ടിലെ മുഴുവൻ ശുപാർശകളിന്മേലും (12 ശുപാർശകൾ) സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു. പ്രസ്തുത ശുപാർശകളും സർക്കാർ ലഭ്യമാക്കിയ മറുപടികളും ഈ റിപ്പോർട്ടിൽ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

# ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്.)

### ശുപാർശ 1 (ഖണ്ഡിക 7)

ഒഴിച്ചുകൂടാനാവാത്ത അവസരങ്ങളിൽ ഇത്തരം സ്ഥാപനങ്ങളുടെ ഭരണസമിതി പിരിച്ചുവിട്ട് പകരം സംവിധാനം ഏർപ്പെടുത്തേണ്ടിവരുമ്പോൾ സ്ഥാപനങ്ങളുടെ നിലനില്പിനും സ്ഥാപനമാർജ്ജിച്ച നേട്ടങ്ങൾക്കും അല്പംപോലും കോട്ടം തട്ടാതിരി ക്കാനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

### ശുപാർശ 2 (ഖണ്ഡിക 9)

സർക്കാർ വായ്പ പലിശയടക്കം സർക്കാർ ഓഹരിയാക്കി മാറ്റുന്നകാര്യം പരിഗണിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

പരിയാരം മെഡിക്കൽ കോളേജിൽ അനുവദിച്ച വായ്പ ഓഹരിയാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സർക്കാർ അനുവദിച്ച വായ്പാതുകയായ 65 കോടി രൂപയും അതിന്റെ പലിശയും ഷെയറായി മാറ്റുന്നതിനുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്.

## ശുപാർശ 3 (ഖണ്ഡിക 16)

ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട്, ട്രോമാ കെയർ സെന്റർ, ജെറിയാട്രിക് സെന്റർ എന്നിവ ആരംഭിക്കുന്നതിനും കേന്ദ്ര സർക്കാരിൽ നിന്നും ഇതിനായി സഹായം ലഭ്യമാക്കാനാകുമോയെന്ന് സംസ്ഥാന സർക്കാർ പരിശോധിക്കണമന്നും സമിതി ശുപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട്, ട്രോമോ കെയർ സെന്റർ, ജെറിയാട്രിക് സെന്റർ എന്നിവ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് നടപടി സ്വീകരിക്കുവാനുള്ള നിർദ്ദേശം പരിയാരം മെഡിക്കൽ കോളേജിന് നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭ്യമാക്കാൻ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാനും പരിയാരം മെഡിക്കൽ കോളേജിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ശുപാർശ 4 (ഖണ്ഡിക 17)

ഉദ്യോഗസ്ഥ നിയമനങ്ങളിൽ കൃത്യമായും സംവരണം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

പരിയാരം മെഡിക്കൽ കോളേജുകളിൽ ഉദ്യോഗസ്ഥ നിയമനത്തിൽ സംവരണം പാലിക്കണമെന്ന ശുപാർശ പരിഗണിക്കുന്നതിനുള്ള നിർദ്ദേശം പരിയാരം മെഡിക്കൽ കോളേജിന് നൽകിയിട്ടുണ്ട്.

## ശുപാർശ 5 (ഖണ്ഡിക 23)

പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നതിലേക്കായി 'കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ കേരള'യ്ക്ക് ധനസമാഹരണത്തിനായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും ട്രഷറി സേവിംഗ്സ് ഫിക്സഡ് ഡെപ്പോസിറ്റ് സ്കീമിൽ നിക്ഷേപം നടത്തുവാനും പ്രസ്തുത നിക്ഷേപതുകയിൽ 25% അക്കാദമിക്ക് ഗ്രാന്റായി നൽകുവാനുമുള്ള ഒരു പദ്ധതി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരുന്നു. 29-3-2000-ലെ സർക്കാരിന്റെ ജി.ഒ. (ആർടി.) 1911/2000/ ഫിനാൻസ് നമ്പർ ഉത്തരവ് പ്രകാരം നടപ്പാക്കിയ പ്രസ്തുത സ്പെഷ്യൽ റിസോഴ്സ് മൊബിലൈസേഷൻ ഡ്രൈവ് പ്രകാരം സർക്കാർ ട്രഷറികളിൽ സഹകരണ ബാങ്കുകൾ വഴിയുള്ള നിക്ഷേപം മുഖേന ലഭിച്ച 327.61 കോടി രൂപയിൽ നിന്ന് 2001-02-ൽ 5 കോടി രൂപ, 2002-03-ൽ 15 കോടി രൂപ, 2004-05-ൽ 10 കോടി രൂപ എന്നിങ്ങനെ 30 കോടി രൂപയാണ് നോൺ പ്ലാൻ ഇനത്തിൽ ഗ്രാന്റായി ലഭിച്ചത്. സർക്കാർ

അംഗീകരിച്ച നിലയിൽ അക്കാദമിക്ക് 51.91 കോടി രൂപ കൂടി ലഭിക്കുന്നതിന് അർഹതയുണ്ട്. സാമ്പത്തിക പരാധീനതയിൽ വലയുന്ന അക്കാദമിക്ക് പലിശയിന ത്തിൽ തന്നെ കോടികൾ നൽകേണ്ട സ്ഥിതിവിശേഷം നിലവിൽ ഉള്ളതിനാൽ ഈ 51.91 കോടി രൂപ ലഭിക്കുന്നത് ഏറെ സഹായകരമാകുന്നതും പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് ഉപകരിക്കുന്നതുമായതിനാൽ പ്രസ്തുത തുക അടിയന്തിരമായി അക്കാദമിക്ക് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

പ്രൊഫഷണൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുന്നതിലേക്കായി 'കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ കേരള'യ്ക്ക് ധനസമാഹരണത്തിനായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും ട്രഷറി സേവിംഗ്സ് ഫിക്സഡ് ഡെപ്പോസിറ്റ് സ്കീമിൽ നിന്ന് അക്കാദമിക്ക് ഗ്രാന്റായി നൽകുവാനുള്ള പദ്ധതിപ്രകാരം മൊത്തം 81.9025 കോടി രൂപ ഗ്രാന്റായി കേപ്പിന് ലഭിക്കുവാൻ അർഹതയുണ്ട്. ആയതിനാൽ 43.9475 കോടി രൂപ 2012-2013 സാമ്പത്തിക വർഷം വരെ കേപ്പിന് നൽകിയിട്ടുണ്ട്. ബാക്കി തുകയായ 37.955 കോടി രൂപ അനുവദിക്കുന്ന തിന് 2013-2014 ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം കേപ്പ് അപേക്ഷിച്ചിട്ടുണ്ട്.

ശുപാർശ 6 (ഖണ്ഡിക 25)

സൗകര്യങ്ങൾ ഏറെക്കുറെ ഉണ്ടെങ്കിലും കുറഞ്ഞ ചെലവിൽ ചികിത്സ ലഭി ക്കുന്നുണ്ടെങ്കിലും ജനവാസവും ഗതാഗത സൗകര്യങ്ങളും തീരെ കുറഞ്ഞ പ്രദേശ ത്താണ് മെഡിക്കൽ കോളേജ് നിലനിൽക്കുന്നതെന്ന് സമിതി നേരിൽ കാണുകയു ണ്ടായി. മറ്റു സ്വകാര്യ ആശുപത്രികളുമായി താരതമ്യം ചെയ്യുമ്പോൾ ശസ്ത്രക്രിയ കൾക്കും ചികിത്സയ്ക്കും വളരെ കുറഞ്ഞ നിരക്കാണ് ഇവിടെ ഈടാക്കുന്നതെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. ചികിത്സ തൃപ്തികരവും ചെലവ് സാധാരണക്കാർക്ക് പോലും താങ്ങാനാവുന്നതാണെന്നും എന്നാൽ വാഹനസൗകര്യമില്ലാത്തതും രോഗി കളുടെ കൂടെയുള്ളവർക്ക് താമസിക്കാൻ സൗകര്യമില്ലാത്തതും വളരെ ബുദ്ധിമുട്ടുണ്ടാ ക്കുന്നതായി ആശുപത്രിയിലെ രോഗികൾ സമിതിയെ അറിയിച്ചു. അതോടൊപ്പം ആശുപത്രിയിൽ ആവശ്യമായ അറ്റന്റർമാരുടെയും നേഴ്സിംഗ് അസിസ്റ്റന്റുമാരുടെയും കുറവുണ്ടെന്ന് സമിതിക്ക് ബോദ്ധ്യമായി. പലപ്പോഴും രോഗിയുടെ ബന്ധുക്കൾ ട്രോളിയും സ്ട്രെക്ചറും ഉന്തിക്കൊണ്ടുപോകേണ്ട അവസരമുണ്ടായിട്ടുണ്ടെന്ന് സമിതി മുമ്പാകെ അഭിപ്രായമുയരുകയുണ്ടായി. മെഡിക്കൽ കോളേജ് കോമ്പൗണ്ടിലുള്ള റോഡുകളുടെ ശോചനീയാവസ്ഥയും ഗേറ്റിന്റെ അപര്യാപ്തതയും സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. സ്ഥാപനത്തിന്റെ പെരുമയ്ക്കനുസരിച്ച് ഗേറ്റും വഴിയും ശരിയാക്കണമെന്നും ആശുപത്രിയെക്കുറിച്ച് ജനങ്ങൾക്ക് ശരിയായ ധാരണയുണ്ടാക്കു ന്നതിനുള്ള പ്രചാരണം നൽകണമെന്നും ആവശ്യത്തിനുള്ള നഴ്സിംഗ് അസിസ്റ്റന്റ്, ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ നിയമിക്കണമെന്നും വാഹന സൗകര്യമൊരുക്കുന്നതി നാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

സ്ഥാപനത്തിന്റെ പെരുമയ്ക്കനുസരിച്ച് കൊച്ചി മെഡിക്കൽ കോളേജിന്റെ കോമ്പൗണ്ടിലെ റോഡുകൾ നന്നാക്കി ടാർ ചെയ്യുകയും, മനോഹരമായ ഒരു പ്രവേശന കവാടവും ഗേറ്റും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ആശുപത്രിയെക്കുറിച്ച് ശരിയായ ധാരണ ജനങ്ങളിൽ ഉണ്ടാക്കുന്നതിനുവേണ്ടി കൊച്ചിൻ മെഡിക്കൽ കോളേജിൽ ലഭ്യമായിട്ടുള്ള ചികിത്സാ സൗകര്യങ്ങളും വിവിധയിനം പരിശോധനാ സൗകര്യങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രചാരണ പരിപാടി എല്ലാ ശനിയാഴ്ചയും രാവിലെ 8.30 മുതൽ 9.00 വരെ ആകാശവാണിയിലൂടെ നടത്തി വരുന്നുണ്ട്.

ആവശ്യമായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ നിയമിച്ചു കഴിഞ്ഞു. നഴ്സിംഗ് അസിസ്റ്റന്റുമാരെ നിയമിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. ആശുപത്രിയിലേക്കുള്ള വാഹന സൗകര്യം പരിമിതമാണെങ്കിലും ഇപ്പോൾ ലഭ്യമാണ്.

ശുപാർശ 7 (ഖണ്ഡിക 26)

സഹകരണ മെഡിക്കൽ കോളേജ് ആശുപത്രി കെട്ടിടങ്ങൾക്ക് കെട്ടിട നികുതി ഒഴിവാക്കിക്കൊണ്ട് കളമശ്ശേരി മുനിസിപ്പാലിറ്റി തീരുമാനമെടുത്തുവെങ്കിലും സർക്കാർ ഇതംഗീകരിച്ചില്ലെന്ന് ആശുപത്രി അധികാരികൾ സമിതിയെ അറിയിക്കുകയുണ്ടായി. സഹകരണ അക്കാദമി നടത്തുന്ന അഞ്ച് എഞ്ചിനീയറിംഗ് കോളേജുകളും പഞ്ചായത്ത് ഏരിയയിലാണ് പ്രവർത്തിക്കുന്നത്. അവ നികുതി വിമുക്തമാണെന്നും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ആരംഭദശയിലുള്ള സ്ഥാപനമായതിനാലും പ്രദേശത്തിന്റെ ജനവാസക്കുറവും സ്ഥാപനം നിലനിൽക്കേണ്ടതിന്റെ അനിവാര്യതയും കണക്കിലെടുത്ത് അഞ്ചു വർഷക്കാലത്തേക്ക് കെട്ടിട നികുതിയിൽ നിന്നും കൊച്ചി സഹകരണ മെഡിക്കൽ കോളേജിനെ ഒഴിവാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

കെട്ടിട നികുതിയായി 2004-2005 മുതൽ 2010-2011 വരെയുള്ള കുടിശ്ശികയായി 2,59,31,708 രൂപ ഈടാക്കുന്നതിന് കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ നിന്നും നോട്ടീസ് ലഭിക്കുകയുണ്ടായി. കൂടാതെ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ ഒക്കുപ്പേഷൻ സർട്ടിഫിക്കറ്റ് അഗ്നിശമന വകുപ്പിന്റെയും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും എൻ.ഒ.സി. എന്നിവ ഹാജരാക്കാൻ കളമശ്ശേരി മുനിസിപ്പാലിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

ശുപാർശ 8 (ഖണ്ഡിക 27)

മെഡിക്കൽ കോളേജിനുസമീപം ഒരു പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

മെഡിക്കൽ കോളേജിൽ ഒരു പോലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിച്ചിട്ടുണ്ട്.

ശുപാർശ 9 (ഖണ്ഡിക 28)

മെഡിക്കൽ കോളേജ് ആശുപത്രിയിൽ സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ ഉണ്ടെങ്കിലും സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി തുടങ്ങിയ ഏതെങ്കിലും സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ആശുപത്രി പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തി ആശുപത്രി വരുമാനം വർദ്ധിപ്പിക്കാനും സ്വാശ്രയത്വം കൈവരിക്കാനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

നിലവിൽ കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി, ന്യൂറോ സർജറി എന്നിവ ഭാഗികമായി മാത്രമാണ് പ്രവർത്തിച്ചുവരുന്നത്. കൊച്ചിൻ റിഫൈനറിയുടെ സാമ്പത്തിക സഹായത്തോടെ പൂർണ്ണസജ്ജീകരണങ്ങളുള്ള ഒരു ബേൺസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശുപാർശ 10 (ഖണ്ഡിക 30)

കൊച്ചി സഹകരണ മെഡിക്കൽ കോളേജിൽ ചികിത്സ തേടുന്ന സർക്കാർ, പൊതുമേഖലാ ജീവനക്കാർക്ക് മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കണമെന്ന് സമിതി ശക്തമായി ശുപാർശ ചെയ്യുന്നു. സംസ്ഥാനത്തെ എല്ലാ സഹകരണ ആശുപത്രികളിലെ ചികിത്സയ്ക്കും സർക്കാർ ജീവനക്കാർക്കും റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കണമെന്നകാര്യം പരിശോധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കാൻ അർഹതപ്പെട്ട ആശുപത്രികളുടെ പട്ടികയിൽ കൊച്ചിൻ മെഡിക്കൽ കോളേജിനെ കൂടി ഉൾപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല.

ശുപാർശ 11 (ഖണ്ഡിക 32)

സഹകരണ മെഡിക്കൽ കോളേജുകൾ നഷ്ടമില്ലാതെ നടത്തിക്കൊണ്ടു പോകുന്നതിനാവശ്യമായ ഒരു ഫീസ് ഘടന നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

സർക്കാർ/സഹകരണ/സ്വകാര്യ മെഡിക്കൽ കോളേജുകളിലെ ഫീസ് നിരക്കുകൾ സർക്കാർ കാലാകാലങ്ങളിൽ തീരുമാനിക്കുന്നതനുസരിച്ചുള്ള ഫീസാണ് കൊച്ചിൻ മെഡിക്കൽ കോളേജിൽ ഇപ്പോൾ ഈടാക്കുന്നത്.

ശുപാർശ 12 (ഖണ്ഡിക 33)

യോഗ്യതയുള്ള അദ്ധ്യാപകരുടെ അഭാവമാണ് ഈ മേഖല നേരിടുന്ന മറ്റൊരു പ്രതിസന്ധി. കൊച്ചി സഹകരണ മെഡിക്കൽ കോളേജിന് സ്ഥിരാംഗത്വം ലഭിക്കുന്നതിനുള്ള പ്രധാന തടസ്സങ്ങളിലൊന്ന് ഇതാണ്. സംസ്ഥാനത്തെ ആരോഗ്യമേഖലയിലും ഇത് പ്രതിസന്ധി സൃഷ്ടിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഇക്കാര്യം ആരോഗ്യ വകുപ്പ് ഗൗരവതരമായി പരിശോധിച്ച് നടപടികളെടുക്കേണ്ടതാണ്.

സർക്കാർ സ്വീകരിച്ച നടപടി

കൊച്ചി മെഡിക്കൽ കോളേജിൽ ഇപ്പോൾ ഏതാണ്ട് പൂർണ്ണമായും യോഗ്യതയുള്ള അദ്ധ്യാപകരെയാണ് എല്ലാ വിഭാഗത്തിലും നിയമിച്ചിട്ടുള്ളത്. എന്നാൽ കമ്മ്യൂണിറ്റി മെഡിസിൻ, ബയോകെമിസ്ട്രി, ഫാർമക്കോളജി, അനാട്ടമി എന്നീ വിഭാഗങ്ങളിൽ യോഗ്യരായവരെ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

വി. ഡി. സതീശൻ,

*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012 ഡിസംബർ 19.